പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 683

6.02.2013-ലെ മറുപടിയ്ക്ക്

**കിൻഫ്രയുടെ രൂപീകരണത്തിനുശേഷമുള്ള ഭൂമി ഏറ്റെടുക്കൽ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. പി.ബി അബ്ദുൽ റസാക് | | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര രൂപീകരിച്ചത് എന്നാണ്; | (എ) | 1993-ൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ആക്ടിൻെറ കീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായി കിൻഫ്ര രൂപീകരിച്ചു. |
| (ബി) | കിൻഫ്ര രൂപീകരണത്തിന് ശേഷം ഇതുവരെയായി വ്യവസായ വികസനത്തിന് എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ ഭൂമിയുള്ളത്; ഏതെല്ലാം വർഷങ്ങളിലാണ് ഈ ഭൂമി ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ; | ബി) | കിൻഫ്ര രൂപീകരണത്തിനു ശേഷം നാളിതുവരെ വ്യവസായ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 3092.15ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതു കൂടാതെ നോഡൽ ഏജൻസി എന്ന നിലയിൽ കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി 1092 ഏക്കർ ഭൂമിയും കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്.<br>ഏറ്റെടുത്ത സ്ഥലങ്ങളും കിൻഫ്രയ്ക്ക് പൊസഷൻ കിട്ടിയ വർഷവും അനുബന്ധമായി ചേർക്കുന്നു. |
| സി) | കിൻഫ്രയുടെ ഭൂമിയിൽ ഏതെല്ലാം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; | സി) | കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ചുവടെ ചേർക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>1. സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ , കിൻഫ്ര ഇൻറർനാഷണൽ അപ്പാരൽ പാർക്ക്, തുമ്പ, തിരുവനന്തപുരം.<br>2. സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, കൊച്ചി. |

| | | |
|---|---|---|
| | | 3. അപ്പാരൽ ട്രെയിനിംഗ് & ഡിസൈനിംഗ് സെൻറർ,(ATDC), കിൻഫ്ര ഇൻറർനാഷണൽ അപ്പാരൽ പാർക്ക്, തുമ്പ, തിരുവനന്തപുരം.<br>4.ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്(BEL) കിൻഫ്ര ഹൈ ടെക് പാർക്ക്, കൊച്ചി<br>5. ബി.ഇ.എം.എൽ, കിൻഫ്രാ പാർക്ക് പാലക്കാട്<br>6. ഹിന്ദുസ്ഥാൻ ഏയ്റോനോട്ടിക്സ് ലിമിറ്റഡ്, (HAL), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് , കാസർഗോഡ്.<br>7. കോസ്റ്റ് ഗാർഡ് അക്കാഡമി, ഇരിനാവ്, കണ്ണൂർ<br>8.മാംഗ്ലൂർ റിഫൈനറി & പെട്രോകെമിക്കൽസ് ലിമിറ്റഡ്, കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് , കാസർഗോഡ്. |
| ഡി) | ഭാവിയിൽ കിൻഫ്ര നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ? | ഡി) സംസ്ഥാനത്ത് തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ വികസനം ലക്ഷ്യമാക്കി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് വ്യവസായ വികസന മേഖലകൾ (IDZ) സ്ഥാപിക്കുവാനും ആയുർവേദത്തിൻെറ സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തികൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുവാനും കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. |

Hasen Keerd

സെക്ഷൻ ഓഫീസർ

***Annexure***

Details of lands owned by KINFRA as on 31.03.2012

| District | Extent of land acquired (in Acre) | Extent of land purchased by negotiation (in Acre) | Extent of Govt. land transferred (in Acre) | Total extent (in Acre) | Month of taking possession |
|---|---|---|---|---|---|
| Menamkulam, Trivandrum | 78.5 | -- | 14.5 | 93 | 1996, 1997, 2004, 2006 |
| Kazhakkuttom, Trivandrum | --- | --- | 75 | 75 | 1999 |
| Adoor, Pathanamthitta | 85 | --- | --- | 85 | 2004, 2005 |
| Kunnamthanam, Pathanamthitta | 35 | --- | --- | 35 | 2001 |
| Kalamassery, Ernakulam | 3 | | 240 | 243 | 1999, 2010 |
| Kakkanad, Ernakulam | 101.2 | 51.59 | 5.17 | 157.96 | 1995,1996, 2005 |
| Mazhuvannur, Ernakulam | --- | --- | 64.89 | 64.89 | 1999 |
| Irapuram, Ernakulam | 50 | --- | 59.12 | 109.12 | 1998, 2000 |
| Koratty, Thrissur | 3.66 | --- | 30 | 33.66 | 2002, 2006 |
| Puzhakkal, Thrissur | --- | --- | 40 | 40 | 2006 |
| Kanjikode, Palakkad | 530.31 | 236 | 7.9 | 774.21 | 1995, 1996, 2002, 2003, 2006, 2008 |
| | 356.84 | --- | --- | 356.84 | |
| Ottappalam, Palakkad | 82 | | | 82 | 2011, 2012 |
| Kakkancherry, Malappuram | 1.41 | 70.59 | --- | 72 | 1995, 1999, 2005 |
| Kalpetta, Wayanad | 50 | --- | --- | 50 | 2000 |
| Thalassery, Kannur | 50.12 | --- | --- | 50.12 | 1999 |
| Irinavu, Kannur | 164.22 | --- | --- | 164.22 | 2000 |
| Nadukani, Kannur | 0.85 | --- | 124 | 124.85 | 2004 |
| Seethangoli, Kasargod | 194.57 | --- | --- | 194.57 | 1997, 1998, 1999 |
| Seethangoli,Kasargod | | | 84.25 | 84.25 | 1997, 1998, 1999 |

| | | | | | |
|---|---|---|---|---|---|
| ravanthoor, Kolla | --- | --- | 57.5 | 57.5 | 2010 |
| Kollam (Kerala Ceramics) | --- | --- | 5.5 | 5.5 | 2010 |
| Kuttippuram, Malappuram | --- | --- | 18.8 | 18.8 | 2010 |
| Vellayil, Kozhikode | --- | --- | 2.4 | 2.4 | 2009 |
| Beypore, Kozhikode | 22.4 | --- | --- | 22.4 | 2010 |
| Ramanattukara, Kozhikode | 77.78 | --- | --- | 77.78 | 2010 |
| Muttam, Idukki | --- | --- | 14.67 | 14.67 | 2008 |
| Rajakumari, Idukki | | | 2 | 2 | 2010 |
| Ranni, pathanamthitta | | | 1.41 | 1.41 | 2011 |
| Total | 1886.86 | 358.18 | 847.11 | 3092.15 | |
| | | | | | |